**Athmaraksha.org**

യഥാർത്ഥ ക്രൈസ്തവ ജീവിതം

## പാപിയെന്ന് തോന്നാത്തവർ കുർബാനയ്ക്ക് പോകേണ്ട : ഫ്രാൻസീസ് പാപ്പാ



ദൈവത്തിന്റെ കരുണ ആവശ്യമുണ്ട് എന്ന തോന്നലില്ലാത്തവർ വി.കുർബാന യ്ക്ക് പോകാതിരിക്കുന്നതാണ് നല്ലത് എന്ന് ഫ്രാൻസീസ് പാപ്പാ ജനറൽ ഓഡിയൻസിൽ പറഞ്ഞു.

"ചിലപ്പോൾ ചിലരൊക്കെ ചോദിക്കാറുണ്ട്. എന്തിനാണ് പള്ളിയിൽ പോകുന്നത്? എല്ലാ ദിവസവും പള്ളിയിൽ പോകുന്നവരും പോകാതിരിക്കുന്നവരെപ്പോലെ പാപിക ളാണ്. പിന്നെന്തിന് പള്ളിയിൽ കുർബാനയ്ക്ക് പോകണം." പാപ്പാ പറഞ്ഞു. "ദൈവ ത്തിന്റെ കരുണ ആവശ്യമില്ലാത്തവർ-തങ്ങൾ പാപികളാണ് എന്ന തോന്നലില്ലാത്ത വർ-പള്ളിയിൽ കുർബാനയ്ക്ക് പോയിട്ട് ഒരു കാര്യവുമില്ല. ദൈവത്തിന്റെ ക്ഷമയും കാരുണ്യവും സ്വീകരിക്കാനാണ് നമ്മൾ വിശുദ്ധ കുർബാനയിൽ പങ്കുകൊള്ളുന്നത്."

"കുർബാനയുടെ ആദ്യം ഞാൻ എന്റെ പാപങ്ങൾ ഓർത്ത് പശ്ചാത്തപിക്കുന്നു എന്നുള്ളത് കേവലം ഒരു ഫോർമുലമാത്രമല്ല അത് പശ്ചാത്താപത്തിന്റെ യഥാർത്ഥ പ്രവൃത്തിയാണ്. പാപികളാണെന്ന ചിന്തയിൽ വിനയപൂർവ്വം നമ്മൾ കുർബാനയ്ക്ക് അണയണം."

"ദൈവത്തിന്റെ കരുണയെക്കുറിച്ചും അദ്ദേഹം ഓർമ്മിപ്പിച്ചു."യോഗ്യരായതുകൊ ണ്ടല്ല നമ്മൾ കുർബാനയ്ക്ക് വരുന്നത്. മറിച്ച് കാരുണ്യവാനായ ദൈവം നമ്മോട് എല്ലാ ക്ഷമിക്കുന്നതുകൊണ്ടാണ്. വി.കുർബാന അനുദിന ജീവിതത്തിൽ പ്രാവർത്തികമാക്കു ന്നതിനെക്കുറിച്ചാണ് അദ്ദേഹം തുടർന്ന് സംസാരിച്ചത്. വി.കുർബാന നമ്മുടെ കാഴ്ച പ്പാടുകളെ മാറ്റി മറിയ്ക്കണം. നമ്മൾ മറ്റുള്ളവരെ കാണുന്ന വിധത്തിന് മാറ്റം സംഭവി ക്കേണ്ടിയിരിക്കുന്നു."വി.കുർബാന നമ്മൾ എല്ലാവരെയും ഒന്നിപ്പിക്കുന്ന കൂദാശയാണ്. ചെറുപ്പക്കാരെയും വൃദ്ധജനങ്ങളെയും സമ്പന്നനെയും ദരിദ്രനെയും അയൽക്കാരെയും സന്ദർശകരെയും എല്ലാ സഹോദരങ്ങളായി കാണാൻ ദിവ്യകാരുണ്യം നമ്മെ സഹാ യിക്കുന്നു."